## പതിമൂന്നാം കേരള നിയമസഭ

### ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 3339

21.12.2012 ലെ
മറുപടിയ്ക്ക്

### ന്യൂനപക്ഷക്ഷേമ വകുപ്പ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ<br>ശ്രീ. പി. ഉബൈദുള്ള<br>ശ്രീ. സി. മമ്മൂട്ടി<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും<br>വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ന്യൂനപക്ഷങ്ങളുടെ അവകാശ സംരക്ഷണത്തിനും ജീവിതനിലവാരം ഉയർത്തുന്നതിനുമായി കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) എല്ലാ ജില്ലകളിലും കോച്ചിംഗ് സെന്ററുകളും ഉപ കേന്ദ്രങ്ങളും സ്ഥാപിക്കൽ , സംസ്ഥാന മൈനോ രിറ്റി ഡവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ , സംസ്ഥാന മൈനോറിറ്റി കമ്മീഷൻ രൂപീകരണം പോലീസ് / അർദ്ധ സൈനിക റിക്രൂട്ട് മെന്റിന് പരിശീലനം, മൈനോറിറ്റി പ്രമോട്ടർമാരുടെ സേവനം, സ്ത്രീ സ്വയം സഹായ സംഘങ്ങൾ മുഖേന സ്ത്രീ ശാക്തീകരണം, മദ്രസ്സ അദ്ധ്യാപക ക്ഷേമനിധി പലിശരഹിതമാക്കിയത്, 2011-12 വർഷം 9-10 ക്ലാസ്സിൽ പഠിച്ചിരുന്ന തെരഞ്ഞെടുക്കപ്പെട്ട 7599 ബി.പി.എൽ ന്യൂനപക്ഷവിദ്യാർത്ഥികൾക്ക് സൗജന്യമായി പഠനമേശയും കസേരയും വിതരണ പദ്ധതി, വിവാഹമോചിതരും, കഴിഞ്ഞ 5 വർഷമായി പുനർ വിവാഹിതരല്ലാത്തവരുമായ ന്യൂന പക്ഷ വനിതകൾക്കുള്ള പാർപ്പിടപദ്ധതി, ന്യൂന പക്ഷ വിദ്യാർത്ഥികൾക്ക് വ്യക്തിത്വ വികസന പരിപാടി, തൊഴിൽ രഹിതരായ യുവജനങ്ങൾക്ക് |

എഞ്ചിനീയറിംഗ്/ഓട്ടോകാഡ് പരിശീലനം, സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പിന്റെ വരുമാന പരിധിയും സ്കോളർഷിപ്പ് തുകയും വർദ്ധിപ്പിച്ചത് തുടങ്ങിയ പദ്ധതികൾ നടപ്പാക്കി വരുന്നു.

(ബി) ന്യൂനപക്ഷക്ഷേമ പ്രവർത്തനങ്ങൾക്കായി രൂപവത്കരിച്ച ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ പ്രവർത്തനം പൂർണ്ണമായി ആരംഭിച്ചു കഴിഞ്ഞോ ;

(സി) പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സെക്രട്ടറിയറ്റിൽ എന്തെങ്കിലും പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനായി വകുപ്പ് രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ ?

(ബി) യും (സി) യും ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി തിരുവനന്തപുരത്ത് ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടറേറ്റും സെക്രട്ടറിയറ്റിൽ ന്യൂനപക്ഷ ക്ഷേമവകുപ്പും രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ